**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 2899

07.02.2018-ൽ മറുപടിയ്ക്ക്

## നിർദ്ദിഷ്ട തീരദേശ പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട തീരദേശ പാതയുടെ അന്തിമ രൂപരേഖ തയ്യാറായി കഴിഞ്ഞിട്ടുണ്ടോ; | (എ) തീരദേശ പാതയുടെ NATPAC തയ്യാറാക്കിയ ഫൈനൽ അലൈൻ മെന്റിന് 21.05.2017-ലെ സ.ഉ. (സാധാ) നം. 679/2017/പൊ.മ.വ പ്രകാരം അംഗീകാരവും, പ്രസ്തുത പാതയുടെ നിർമ്മാണം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാ ക്കുന്നതിന് 10.07.2017-ലെ സ.ഉ (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരവും നൽകിയിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീക രിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ നീളത്തിൽ പുനരുദ്ധരിക്കുന്നതിനായുള്ള വിശദ മായ പദ്ധതി രൂപരേഖ കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിഗണന യിലാണ്. |
| (ബി) ടൂറിസം മേഖലയിൽ ഈ പാത കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ വിലയിരു ത്തിയിട്ടുണ്ടോ; | (ബി) ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുക വഴി വിനോദ സഞ്ചാരി കൾക്ക് സമയ നഷ്ടം കൂടാതെ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ അതി വേഗം എത്തിച്ചേരാൻ സാധിക്കും. നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്കായി കടലിന് സമീപത്തു കൂടി കടന്നു |

പോകുന്ന റോഡുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ വിനോദ സഞ്ചാരികൾ കടലോര ടൂറിസത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കപ്പെടും, പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യ വിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കുവാൻ സാധിക്കും, തീരദേശ മേഖലയുടെ സർവ്വതോൻമുഖ പുരോഗതിക്ക് വഴി തുറക്കുന്ന ചെറുതും, വലുതുമായ പോർട്ടുകളെ ലിങ്ക് റോഡുകൾ വഴി തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കുന്നത് കാരണം വിനോദ സഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകും

| | |
|---|---|
| (സി) എത്ര വർഷം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) തീരദേശപാതയുടെ ആദ്യ ഘട്ടം 2019 സെപ്റ്റംബറിലും, രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും, മൂന്നാം ഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് |
| (ഡി) ബേപ്പൂർ ഉൾപ്പെടെയുള്ള തുറമുഖങ്ങളെ ബന്ധപ്പെടുത്തിയാണോ പാത കടന്നു പോകുന്നത്; വ്യക്തമാക്കാമോ? | (ഡി) ബേപ്പൂർ ഉൾപ്പെടെയുള്ള തുറമുഖങ്ങളിലേയ്ക്ക് ലിങ്ക് റോഡുകൾ നിർമ്മിക്കുന്ന വിഷയത്തിൽ സാധ്യതാ പഠനം നടത്തി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിയ്ക്കുവാൻ തുറമുഖ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ